# വിശ്വാസസംരക്ഷകൻ

യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ പ്രസിദ്ധീകരണം

Janurvary 24- 2009


# തൃക്കുന്നത്ത് സെമിനാരിയിൽ ശ്രേഷ്ഠ ബാവ വി. കുർബ്ബാന അർപ്പിക്കണം

## യാക്കോബായ സഭ മാനേജിംഗ് കമ്മറ്റി

തൃക്കുന്നത്ത് സെമിനാരി പള്ളിയിൽ ശ്രേഷ്ഠ കാതോലിക്ക ആബൂൻ മോർ ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവ പെരുന്നാൾ കുർബ്ബാന അർപ്പിക്കണമെന്ന് യാക്കോബായ സഭ തീരുമാനിച്ചു.

പുത്തൻകുരിശ് പാത്രിയർക്കാ സെന്ററിൽ ചേർന്ന സഭാ വർക്കിംഗ് കമ്മറ്റിയും മാനേജിംഗ് കമ്മറ്റിയും സംയുക്തമായി നടത്തിയ അഭ്യർത്ഥന യോഗാദ്ധ്യക്ഷനായിരുന്ന ശ്രേഷ്ഠ ബാവ സ്വീകരിച്ചു.

സഭയുടെ തീരുമാനം മുഖ്യമന്ത്രിയെ അറിയിക്കുവാൻ പ. എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി അഭി. ജോസഫ് മോർ ഗ്രിഗോറിയോസ്, സഭാ സെക്രട്ടറി ശ്രീ. തമ്പു ജോർജ്ജ് തുകലനെയും ചുമതലപ്പെടുത്തി. പൂട്ടിയിട്ടിരിക്കുന്ന തൃക്കുന്നത്ത് സെമിനാരി തുറന്ന് ശ്രേഷ്ഠ ബാവ ബലിയർപ്പിക്കുന്നതിനെ തടയണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മെത്രാൻ കക്ഷി പക്ഷം വിവിധ കോടതികളിൽ നൽകിയ ഹർജി തള്ളി ഉത്തരവായ സാഹചര്യത്തിൽ ശ്രേഷ്ഠ ബാവായ്ക്ക് ബലി അർപ്പിക്കുന്നതിന് യാതൊരു നിയമ തടസ്സവും ഇല്ലാതിരിക്കുന്നത്, ബഹു. ഗവൺമെന്റ് കണക്കിലെടുക്കണമെന്നും യോഗം വിലയിരുത്തി.

തൃക്കുന്നത്ത് പള്ളിക്ക് 1934-ലെ ഭരണഘടന ബാധകമല്ലെന്ന് ബഹുമാനപ്പെട്ട കോടതികൾ കണ്ടെത്തിയ സാഹചര്യംകൂടി കണക്കിലെടുത്ത് ബഹുമാനപ്പെട്ട ഗവൺമെന്റ് ഇക്കാര്യം നടപ്പിലാക്കേണ്ടത് എന്നും യാക്കോബായ സഭ അഭിപ്രായപ്പെട്ടു.

ഗവൺമെന്റുമായുള്ള ചർച്ചകളോട് നിഷേധാത്മക നിലപാട് എടുത്തും, സമവായ ചർച്ചകൾക്ക് മുഖം തിരിച്ച് കോടതികളെ സമീപിച്ച് പരാജയപ്പെട്ട മെത്രാൻ കക്ഷി വിഭാഗം സമാധാന ലംഘനത്തിനും ആരാധനയ്ക്ക് തടസം ഉണ്ടാക്കുവാനും തൃക്കുന്നത്ത് സെമിനാരിയിൽ മാസങ്ങളായി താമസിപ്പിച്ചിരിക്കുന്ന വാടക ഗുണ്ടകളെ അടിയന്തിരമായി നീക്കം ചെയ്ത് സമാധാനാന്തരീക്ഷം നിലനിർത്തണമെന്നും സഭാസമിതികൾ ബഹുമാനപ്പെട്ട ഗവൺമെന്റിനോട് അഭ്യർത്ഥിച്ചു.

ആലുവായിൽ പരിശുദ്ധ പിതാക്കന്മാരുടെ ഓർമ്മപെരുന്നാൾ സമാധാനപരമായി നടത്തുവാൻ ഇരുവിഭാഗത്തിനും സാഹചര്യം ഒരുക്കുന്നതിലേക്കും സ്ഥിതി വിവരങ്ങൾ യഥായോഗം റിപ്പോർട്ട് ചെയ്യുന്നതിനും അഡ്വക്കേറ്റു കമ്മീഷനെ നിയമിച്ച ബഹു. ഹൈക്കോടതി ഉത്തരവിനെ യാക്കോബായ സഭ സ്വാഗതം ചെയ്തു.

യോഗത്തിൽ ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ അദ്ധ്യക്ഷനായിരുന്നു. മെത്രാപ്പോലിത്താമാരായ അഭി. ജോസഫ് മോർ ഗ്രിഗോറിയോസ്, എബ്രഹാം മോർ സേവേറിയോസ്, കുര്യാക്കോസ് മോർ ദീയസ്കോറോസ്, മാത്യൂസ് മോർ അപ്രേം, കുര്യാക്കോസ് മോർ യൗസേബിയോസ്, ഗീവർഗീസ് മോർ അത്താനാസിയോസ്, ഏലിയാസ് മോർ അത്താനാസിയോസ് എന്നിവരും ബേബി ചാമക്കാല കോർഎപ്പിസ്കോപ്പ, ഫാ. വർഗീസ് കല്ലാപ്പാറ, അഡ്വ. സി. പി. മാത്യു, ഷെവ. കെ. ഒ. ഏലിയോസ്, ഷെവ. ഉമ്മച്ചൻ വേങ്കിടത്ത്, ഷെവ. ബിബി എബ്രഹാം കടവുംഭാഗം, സി. വൈ. വർഗീസ്, ബേബി വർഗീസ്, സാജു പട്ട്ളാട്ട്, ടി. യു. കുരുവിള എം. എൽ. എ., ഡി സി സി പ്രസിഡന്റ് വി. ജെ. പൗലോസ്, കമാൻഡർ മത്തായി പുറപ്പാടത്ത്, കമൻഡർ ഇ. എം. ജോൺ എന്നിവർ പ്രസംഗിച്ചു.

# ആലുവാ തൃക്കുന്നത്ത് സെമിനാരിയ്ക്ക് മുൻപിൽ പ്രാർത്ഥനായജ്ഞം ആരംഭിച്ചു



യാക്കോബായ സഭ, അന്ത്യോഖ്യാ വിശ്വാസസംരക്ഷണ സമിതി, സണ്ടേസ്കൂൾ അസോസിയേഷൻ എന്നിവയുടെ ആഭിമുഖ്യത്തിൽ നാലു ദിവസം നീണ്ടു നില്ക്കുന്ന അഖില മലങ്കര പ്രാർത്ഥനായജ്ഞം ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ ആരംഭിച്ചു. പൂട്ടിക്കിട ആലുവാ പള്ളി ആരാധനക്കായി തുറന്നു നൽകണമെന്നാവശ്യപ്പെട്ടു കൊണ്ടാണ് പ്രാർത്ഥനായജ്ഞം നടത്തപ്പെടുന്നത്.

ആലുവാ തൃക്കുന്നത്ത് സെമിനാരിയും പള്ളിയും അനുബന്ധ സ്ഥാപനങ്ങളും സെമിനാരി സ്ഥാപക മെത്രാപ്പോലിത്തായുടെ വിൽപത്രപ്രകാരം പ. അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിലുള്ള അങ്കമാലി ഭദ്രാസനത്തിനുമാത്രം അവകാശപ്പെട്ടതാണെന്നും അതു വീണ്ടെടുക്കുക തന്നെ ചെയ്യുമെന്നും യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച ഏലിയാസ് മോർ അത്തനാസിയോസ് മെത്രാപ്പോലിത്ത പ്രഖ്യാപിച്ചു.

പ. പൗലോസ് മോർ അത്തനാസിയോസ് വലിയ തിരുമേനിയുടെ ഓർമ്മ പെരുന്നാളിനോടനുബന്ധിച്ച് ജനുവരി 25, 26 തീയതികളിൽ പൂട്ടിക്കിടക്കുന്ന ആലുവാ പളളിയിൽ വി. ആരാധന നടത്തുമെന്നും ആയതിന് ആവശ്യമായ ക്രമീകരണങ്ങൾ ബഹു. ഗവൺമെന്റ് ചെയ്തു തരണമെന്നും യോഗം ഉദ്ഘാടനം ചെയ്തു കൊണ്ട് എബ്രഹാം മോർ സേവേറിയോസ് മെത്രാപ്പോലിത്ത പ്രസ്താവിച്ചു.

പെരുന്നാളിനോടനുബന്ധിച്ച് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടി തൃക്കുന്നത്ത് സെമിനാരിയിൽ അനധികൃതമായി താമസിപ്പിച്ചിരിക്കുന്ന കലാപകാരികളെ എത്രയും വേഗം ഒഴിപ്പിക്കണമെന്നും പ. പിതാക്കന്മാരുടെ പെരുന്നാൾ സമാധാന അന്തരീക്ഷത്തിൽ ആചരിക്കുന്നതിന് വേണ്ട മേൽനടപടികൾ അധികാരികൾ സ്വീകരിക്കണമെന്നും യോഗം ആവശ്യപ്പെട്ടു.